
ശങ്കർ



സമര നേതൃത്വം: സി കെ ജാനു



ബുദ്ധികേന്ദ്രം: ഗീതാനന്ദൻ

**ആദിവാസികൾ എക്കാലത്തും വഞ്ചിക്കപ്പെടുകയായിരുന്നു. 1975-മുതൽ ഇന്നേവരെയുള്ള ചരിത്രം അത് തെളിയിക്കുന്നു.**

**1975:** 1960 മുതൽ ആദിവാസികളുടെ ഭൂമി സ്വന്തമാക്കിയത് നിയമവിരുദ്ധമാക്കിക്കൊണ്ട് കേരള പട്ടികവർഗ ഭൂമിക്കൈമാറ്റ നിയന്ത്രണ നിയമം പാസാക്കി.

**1986:** നിയമം നടപ്പാക്കാനുള്ള ചട്ടങ്ങൾ പാസാക്കി. പക്ഷേ നിയമത്തിൻെറ മുൻകാല പ്രാബല്യം 1982 ആക്കി നീട്ടി.

**1996:** നിയമം നടപ്പാക്കാത്തതിന് ഹൈക്കോടതിയുടെ ശാസനം. തുടർന്ന് ഭേദഗതി ബില്ല് പാസാക്കുന്നു.

**1997:** രാഷ്ട്രപതി ബില്ലിൻെറ ആദിവാസി വിരുദ്ധ സ്വഭാവം ചൂണ്ടിക്കാട്ടി തിരിച്ചയക്കുന്നു.

**1999:** പുതിയ ഭേദഗതിയോടെ ബിൽ വീണ്ടും പാസാക്കി. രണ്ടു ഹെക്ടറിൽ കൂടുതൽ ഭൂമി കൈയേറിയവർക്കെതിരെ 1960 മുതൽ തന്നെ നിയമപ്രാബല്യം. രണ്ടു വർഷത്തിനകം എല്ലാ ഭൂരഹിത ആദിവാസി കുടുംബത്തിനും ഒരേക്കർ ഭൂമി.

**2001:** വാഗ്ദാനങ്ങൾ നടപ്പാക്കാത്തതിനാൽ ജാനുവിൻെറ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു ചുറ്റും 48 ദിവസം ഉപവാസം.

**2001:** അഞ്ചേക്കർ ഭൂമി എന്ന വാഗ്ദാനത്തെ തുടർന്ന് സമരം പിൻവലിക്കുന്നു.

**2002:** മാസം നാലു കഴിഞ്ഞിട്ടും വാഗ്ദാനം പാലിക്കാത്തതിൽ പ്രതിഷേധിച്ച് ഗോത്ര മഹാസഭ മുത്തങ്ങ വനമേഖല കൈയേറി.

# ജീവിക്കാനുള്ള പോരാട്ടം

**ജാനുവിൻെറ അറസ്റ്റോടെ പ്രസ്ഥാനത്തിന് താൽക്കാലികമായെങ്കിലും നേതൃത്വം ഇല്ലാതായിരിക്കുന്നു. ഇത് ആദിവാസികളുടെ അവകാശസമരത്തെ വീണ്ടും പഴയ അനാഥാവസ്ഥയിലേക്ക് എത്തിക്കുമോ?**



**യുദ്ധക്കളം:** മുത്തങ്ങയിലെ കൈയേറ്റ പ്രദേശത്ത് ആദിവാസികളും പൊലീസ് സംഘവും ഏറ്റുമുട്ടുന്നു. ആദിവാസികളെ തല്ലാനോ അവർക്കു നേരെ വെടിയുതിർക്കാനോ സർക്കാർ തയാറാവില്ലെന്നായിരുന്നു നേതാക്കളുടെ കണക്കുകൂട്ടൽ.

■ **ജേക്കബ് ജോർജ്**, മുത്തങ്ങയിൽ നിന്ന്


ഒരു തുണ്ടു ഭൂമി കിട്ടുമെന്ന വലിയ സ്വപ്നവുമായാണ് അവർ ജാനുവിനൊപ്പം കൂടിയത്. ആദിവാസികൾ അവരുടെ ഭൂമിക്കു വേണ്ടി തുടങ്ങിയ സമരത്തിന് ഒരു വഴിത്തിരിവുണ്ടാക്കാനുള്ള ശ്രമത്തിലായിരുന്നു നേതാവ് സി കെ ജാനു . വനഭൂമി കൈയേറി കൃഷിയിറക്കുക എന്ന തന്ത്രം പ്രാവർത്തികമാക്കാൻ വയനാടു ജില്ലയിലെ മുത്തങ്ങാ വന്യമൃഗ സംരക്ഷണ കേന്ദ്രമാണ് അവർ തെരഞ്ഞെടുത്തത്. പലേടത്തു നിന്നും പാവപ്പെട്ട ആദിവാസികൾ മുത്തങ്ങയിൽ എത്തി. എന്നും പട്ടിണിയിൽ കഴിയുന്നവർ. എല്ലുന്തിയ മെല്ലിച്ച ശരീരവും കുഴിഞ്ഞ കണ്ണുകളും ഒട്ടിയ വയറും മനസ്സിൽ ഒരു തുണ്ടു ഭൂമി എന്ന സ്വപ്നവുമായി അവർ ജാനുവിനോടൊപ്പം മുദ്രാവാക്യം വിളിച്ചു. ജീവിക്കാൻ വേണ്ടിയുള്ള ദരിദ്രരായ ആദിവാസികളുടെ സമരം.

ജാനുവിൻെറ നേതൃത്വത്തിലുള്ള സമരം ആരും കണ്ടില്ലെന്നു നടിച്ചു. അവരുടെ മുദ്രാവാക്യം ആരും കേട്ടില്ല. ഒടുവിൽ സമരത്തിൻെറ രൂപം മാറി. സമരക്കാർ വനംവകുപ്പു ജീവനക്കാരെ പിടികൂടി ബന്ദികളാക്കിയപ്പോൾ അധികാര കേന്ദ്രങ്ങൾ ഉണർന്നു. തോക്കും ലാത്തിയും കണ്ണീർവാതകവുമൊക്കെയായി പൊലീസെത്തി. അമ്പും വില്ലും വാളും വാക്കത്തിയും കൊണ്ട് പൊലീസിനെ ചെറുക്കാമെന്ന് പാവപ്പെട്ട ആദിവാസികൾ കരുതി. ആദിവാസികളെ തല്ലാനോ അവർക്കു നേരെ വെടി ഉതിർക്കാനോ പൊലീസ് തയാറാവില്ലെന്ന് ആദിവാസി നേതാക്കളും കണക്കാക്കി. സമർത്ഥമായ ഒരു നീക്കത്തിലൂടെ ഒരു പൊലീസുകാരനേയും ഒരു വനംവകുപ്പ് ജോലിക്കാരനേയും ബന്ദിയാക്കിയപ്പോൾ പൊലീസ് സേന ഞെട്ടിപ്പോയി. മണിക്കൂറുകൾ നീണ്ടുനിന്ന സംഘർഷം. അവസാനം പൊലീസ് വെടിവയ്പ്. ആദിവാസിയുടെ വെട്ടേറ്റ പൊലീസുകാരൻെറ മരണം. ആദിവാസികളുടെ നേരെ പാഞ്ഞടുക്കുന്ന പൊലീസ്. അടിയും പിടിയുമേറ്റു ചതഞ്ഞരഞ്ഞ പേക്കോലങ്ങൾ.

കഴിഞ്ഞ ഡിസംബർ 31-നു മുമ്പ് ആദിവാസികൾക്കു ഭൂമി വിതരണം ചെയ്യാമെന്ന ആൻറണി സർക്കാർ രേഖാമൂലം നൽകിയ ഉറപ്പ് പാലിക്കപ്പെടാത്തതിനെ തുടർന്ന് ജനുവരി നാലിന് ജാനുവിൻെറ നേതൃത്വത്തിൽ ആദിവാസികൾ മുത്തങ്ങയിലെ വനഭൂമി കൈയേറുകയായിരുന്നു. 450-ലേറെ ആദിവാസികൾ കുടിൽ കെട്ടി താമസം തുടങ്ങി. ഒരു മാസം കഴിഞ്ഞിട്ടും സർക്കാർ അനങ്ങിയില്ല. വനഭൂമി കൈയേറിയ ആദിവാസികൾ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് അമ്പും വില്ലുമായി കാവൽ നിന്നു. കാട്ടിലെ തീ കെടുത്താൻ ചെന്ന വനപാലകരെ ആദിവാസികൾ പിടികൂടി ബന്ദികളാക്കി. മൂന്നു വനംവകുപ്പ് ജീവനക്കാരും വനംവകുപ്പിൻെറ 18 ഫയർ വാച്ചേഴ്സുമാണ് ഇങ്ങനെ പിടിയിലായത്. ഫയർ വാച്ചേഴ്സ് സ്ഥലത്തെ ആദിവാസികളാണ്. ഇവരെ തൂണുകളിൽ കെട്ടിനിർത്തി. 17-ാം തീയതി വൈകിട്ടാണ് ഗോത്ര സഭാംഗങ്ങൾ ഇവരെ പിടികൂടിയത്. പിറ്റേന്ന് ജില്ലാ കളക്ടർ കെ ഗോപാലൻ ആദിവാസി ഗോത്ര സഭയുമായി സന്ധിസംഭാഷണത്തിനെത്തി. അന്ന് ഉച്ചയോടെ ബന്ദികളെ മോചിപ്പിച്ചു.

ഈ ഘട്ടത്തിലാണ് ആദിവാസികളെ

**"സായുധ കലാപം നടത്താൻ ആരെയും അനുവദിക്കില്ല. അക്രമപ്രവർത്തനങ്ങളെ കർശനമായി നേരിടും."**



**എ കെ ആൻറണി,** മുഖ്യമന്ത്രി

മുത്തങ്ങയിലെ ഏറ്റുമുട്ടൽ

# ഹതാശരുടെ അവസാന തിരിച്ചടി

മുത്തങ്ങയിൽ ആദിവാസി ഗോത്രസഭ കൈക്കൊണ്ട സമരരീതിയെക്കുറിച്ച് ന്യായമായും അഭിപ്രായഭിന്നതകളുണ്ടാകാം. സാധാരണ പൊലീസുകാരെയും വനം വകുപ്പ് ജീവനക്കാരെയും ഒക്കെ ബന്ദികളാക്കുകയും കെട്ടിയിടുകയും അവർക്ക് ചുറ്റും തീ പൂട്ടി ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ഒടുക്കം ഒരു പൊലീസുകാരനെ വെട്ടിക്കൊല്ലുകയും ഒക്കെ ചെയ്യുന്ന രീതി ആദിവാസികളുടെ തികച്ചും ന്യായമായ ആവശ്യങ്ങൾ നേടുന്നത് പോലും കൂടുതൽ ബുദ്ധിമുട്ടിലാക്കുന്ന തരത്തിൽ ആത്മഹത്യാപരമായിരുന്നില്ലേ എന്ന സംശയവും ന്യായമാണ്. ആദിവാസികളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ തുടർന്നും നിഷേധിക്കുന്നതിന് ആ ശക്തികൾക്ക് ഒരു ന്യായീകരണം നൽകുകയല്ലേ ഈ അക്രമരീതി കൊണ്ടുണ്ടായ ഫലം എന്ന നിരീക്ഷണം തള്ളിക്കളയാനാവില്ല.

കഴിഞ്ഞ കുറെക്കാലമായി കോടതികളും മാധ്യമങ്ങളും മനുഷ്യസ്നേഹികളായ സാംസ്കാരിക നായകരും ഒക്കെ സ്വീകരിച്ച നിലപാടു മൂലം ആദിവാസികൾക്ക് അനുകൂലമായി സമൂഹത്തിൽ വളർന്നുവന്ന മനോഭാവം നഷ്ടപ്പെടുത്താനല്ലേ ഈ തന്ത്രങ്ങൾ വഴിവച്ചത് എന്ന ചോദ്യവും പ്രസക്തമാണ്. അതിനൊക്കെ പുറമേയാണ് ആദിവാസികളുടെ അഭൂതപൂർവമായ ഇന്നത്തെ ഉണർവിൻെറ സ്രഷ്ടാക്കളായ സി കെ ജാനുവിനും എം ഗീതാനന്ദനും മുത്തങ്ങാ സംഭവങ്ങളെത്തുടർന്ന് പരസ്യമായി പ്രവർത്തിക്കാനാവാത്ത സ്ഥിതി വന്നത്.

ചുരുക്കത്തിൽ മനുഷ്യസ്നേഹത്താൽ പ്രചോദിതരെങ്കിലും പ്രയോഗത്തിൽ ഭീകരമുറകൾ സ്വീകരിച്ച നക്സലൈറ്റുകളെ സാധാരണക്കാരായ ജനം തന്നെ പിടിച്ച് പോലീസിൽ ഏൽപിച്ച എഴുപതുകളിലെ കഥയുടെ ആവർത്തനം ആണ് ഉണ്ടായത്. ചരിത്രത്തിലെ മറ്റൊരു കൗതുകം എഴുപതുകളിൽ ഫിലിപ്പ് എം പ്രസാദിനേയും അജിതയേയും വാസുവിനേയും നാട്ടുകാർ തേടിപ്പിടിച്ച് അധികാരികൾക്ക് കൈമാറിയ അതേ വയനാടൻ കാടുകൾ തന്നെയാണ് ഇന്നത്തെ സംഭവങ്ങൾക്കും വേദിയായതെന്നതാണ്. ഇന്ന് മുത്തങ്ങയിലേയും പരിസരങ്ങളിലേയും (ഒരുപക്ഷേ കേരള സമൂഹത്തിലെ ഭൂരിപക്ഷവും) നാട്ടുകാർ ഈ ആദിവാസികളെ എങ്ങനെയും പിടിച്ച് പൊലീസിൽ ഏൽപിക്കാനും "നിയമം കൈയിലെടുത്തതിന്" തക്ക ശിക്ഷ അവർക്ക് നൽകാനും വേണ്ടി ആവേശഭരിതരായി നിൽക്കുന്നു. ആദിവാസികളോട് അൽപമെങ്കിലും സഹതാപം പ്രകടിപ്പിച്ചെന്ന് തങ്ങൾക്ക് തോന്നുന്ന മാധ്യമങ്ങൾക്ക് നേരെയും അവർ രോഷം തീർക്കുന്നു. സ്പീക്കർ വക്കം പുരുഷോത്തമൻ നിയമസഭയിൽ "സമാന്തരഭരണം നടത്തിയവരെ വെടിവച്ചൊതുക്കണമെന്ന്" ആക്രോശിക്കുന്നതും ഈ വികാരത്തിൻെറ എഴുപതുകളെ ഓർമ്മിപ്പിക്കുന്നതരം ആവർത്തനമാണ്. വാസ്തവത്തിൽ പുതിയ സമരമുറയോടെ ആദിവാസികൾ തങ്ങൾക്കനുകൂലമായി സമൂഹത്തിൽ തിരിഞ്ഞുവന്ന മനോഭാവത്തിന് വൻ തിരിച്ചടിയാണ് നൽകിയത്. സ്വാഭാവികമായും ഇപ്പോൾ തൽക്കാലമെങ്കിലും ചിരിക്കുന്നത് ആദിവാസികളുടെ മണ്ണും മാനവും കാലങ്ങളായി കവർന്നു വന്നവരാണെന്നതിന് സംശയമില്ലല്ലോ.



**സമാന്തര ഭരണം:** അമ്പും വില്ലുമേന്തിയ ആദിവാസികൾ കാടുകളിലേക്ക് പുറമേ നിന്നുള്ളവർ കയറുന്നത് തടയാൻ മുത്തങ്ങ വനത്തിൽ സ്ഥാപിച്ച ചെക്ക് പോസ്റ്റ്

പക്ഷേ, ഇതൊക്കെയാണെങ്കിലും സ്വാഭാവികമായും ഇപ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്. ഇപ്പോൾ ആദിവാസികൾ സ്വീകരിച്ച അക്രമമാർഗം പ്രതീക്ഷയുടെ എല്ലാ വാതിലുകളും അടയുന്നതുകൊണ്ടുള്ള ഹതാശരുടെ അവസാന കൈ ആയിരുന്നില്ലേ? ഈ അവസ്ഥയിലേക്ക് അവരെ എത്തിച്ചവരല്ലേ യഥാർത്ഥ പ്രതികൾ? എത്ര കാലമായി ഈ കൂട്ടരെ പൊള്ളയായ വാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുകയാണ്. എല്ലാ മാർഗങ്ങളും പരീക്ഷിച്ച് പരാജയപ്പെട്ടവർ മുഖ്യമന്ത്രി പറയുന്നത് പോലെ "സായുധകലാപത്തിന്" തുനിഞ്ഞാൽ കുറ്റം പറയാനാവുമോ? പരാജയമാകും എന്ന ഉറപ്പോടെ തന്നെ ആയുധം കൈയിലെടുത്ത് സ്വന്തം മാനത്തിനു വേണ്ടി നടന്ന പോരാട്ടങ്ങളല്ലേ ചരിത്രത്തിൽ പിൽക്കാലത്ത് വാഴ്ത്തപ്പെട്ട മഹാവിപ്ലവങ്ങൾ പലതും?

ഈ പ്രക്ഷോഭങ്ങളുടെ ഏറ്റവും പ്രധാന കാരണമായ ആദിവാസി ഭൂമിപ്രശ്നം തന്നെ എടുക്കുക. കഴിഞ്ഞ ഒരു നൂറ്റാണ്ടിലേറെയായി ഇവരുടെ ലക്ഷക്കണക്കിനു ഏക്കർ ഭൂമിയാണ് അന്യാധീനമായതും അവരങ്ങനെ ഒരിഞ്ചു ഭൂമി പോലും സ്വന്തമില്ലാത്തവരുമായതും. ഈ ദുര്യോഗത്തിൽ നിന്നും അവരെ മോചിപ്പിക്കുമെന്ന വാഗ്ദാനം സർക്കാർ നൽകിയ ശേഷവും മുപ്പതു വർഷങ്ങളായി അവരെ പറഞ്ഞുപറ്റിക്കുകയല്ലേ കേരളത്തിലെ ജനകീയ പ്രസ്ഥാനങ്ങളും മാറി മാറി വന്ന സർക്കാരുകളും ചെയ്തത്? 1973-ൽ സി അച്യുതമേനോൻെറ സർക്കാരാണ് ആദിവാസികളുടെ ഭൂമി അവരുടെ കൈയിൽ നിന്നും തട്ടുന്നതിനെതിരെ ചരിത്രത്തിലെ ആദ്യത്തെ സുപ്രധാന നീക്കം നടത്തിയത്. അന്ന് പാസാക്കിയ ബില്ലിൽ 1960-മുതൽ അന്യാധീനമായ ആദിവാസി ഭൂമി പിടിച്ചെടുത്ത് അവരെ ഏൽപിക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. ഈ നിയമം വന്നാൽ കൈയേറിയ ഭൂമി നഷ്ടമാകുന്നവരിൽ വൻ പ്രമാണികളും ലോബികളും ഉണ്ടായിരുന്നു. അതുകൊണ്ട് ചട്ടങ്ങൾ തയാറാക്കുക അനിശ്ചിതമായി നീണ്ടുപോയി. 11 വർഷം കഴിഞ്ഞിട്ട് - 1986-ൽ - മാത്രമാണ് ഇതിന് ചട്ടങ്ങൾ ഉണ്ടായത്. എന്നാൽ ഭൂമികൈയേറിയവരെ ഒഴിപ്പിക്കുന്നതിന് 1960 മുതൽ മുൻകാല പ്രാബല്യം ഉണ്ടാകുമെന്ന ഭാഗം ഒഴിവാക്കിയാണ് നിയമം പൂർത്തിയാക്കിയത്. പകരം 'കട്ട് ഓഫ് ഇയർ' 1982 ആക്കി. അതോടെ 20 വർഷക്കാലം നടന്ന വനഭൂമി കൈയേറ്റങ്ങൾ ഒറ്റയടിക്ക് നിയമവിധേയമാക്കിക്കൊടുത്തു! നഷ്ടം പ്രകൃതിക്കും ആദിവാസിക്കും തന്നെ.

ഒരു വർഷം കഴിഞ്ഞിട്ടും നിയമം നടപ്പാക്കാത്തതിനെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ ഡോ. നല്ലതമ്പി തേറ എന്ന പ്രകൃതിസ്നേഹി കേസ് കൊടുത്തു. അവസാനം 1993 ഒക്ടോബറിൽ നിയമം ആറു മാസത്തിനകം നടപ്പാക്കണമെന്ന് കോടതി വിധിച്ചു. എന്നിട്ടും അന്നത്തെ ഐക്യജനാധിപത്യമുന്നണി സർക്കാർ ചലിച്ചില്ല. സംഗതി കുഴയുമെന്നതിനാൽ മാത്രം അതിനകം അധികാരത്തിൽ വന്ന ഇടതു മുന്നണി സർക്കാർ 1996-ൽ നിയമം ഭേദഗതി ചെയ്തുകൊണ്ട് പുതിയ ബിൽ അവതരിപ്പിച്ചു.

ഈ ബില്ല് മറ്റൊരു കടുത്ത അക്രമമായിരുന്നു. ഭൂമി കൈയേറിയവർക്ക് വീണ്ടും സാവകാശവും നിയമ സാധുതയും നൽകുന്നതായിരുന്നു ഇത്. ഈ ബില്ലിൽ നിയമം നടപ്പാകുന്ന ദിവസം വീണ്ടും 1986 ജനുവരി 14 എന്നാക്കി. അതായത് ഈ തീയതി വരെ കൈയേറിയവർക്കു രക്ഷപ്പെടാം. ഭരണപക്ഷം മാത്രമല്ല പ്രതിപക്ഷവും ഒന്നിച്ചുനിന്നാണ് - ഗൗരിയമ്മയുടെ മാത്രം എതിർപ്പോടെ - ഇത് പാസാക്കിയത്. രാഷ്ട്രപതി കെ ആർ നാരായണൻ ബിൽ ഒപ്പു വയ്ക്കാതെ തിരിച്ചയച്ചു. മാത്രമല്ല അന്നത്തെ കേന്ദ്ര സർക്കാരും ഈ ബില്ല് ആദിവാസി വിരുദ്ധമാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇതോടെയാണ് ചില്ലറ ഭേദഗതികളോടെ 1999-ൽ വീണ്ടും ബില്ല് തയാറാക്കി അയച്ചത്. അതുപ്രകാരം രണ്ടു ഹെക്ടറിൽ കൂടുതൽ ആദിവാസി ഭൂമി ആണ് കൈയേറിയതെങ്കിൽ 1986-നു മുമ്പ് നടന്നതായാലും (1960-നു ശേഷം) തിരിച്ചേൽപിക്കണമെന്ന് വ്യവസ്ഥ വച്ചു. എങ്കിലും നിരവധി കേസുകൾ വീണ്ടും കോടതികളിൽ ഈ നിയമത്തിനെതിരെ നിലവിലുണ്ട്. എന്തായാലും സർക്കാർ പാസാക്കിയ ആ നിയമം അനുസരിച്ചു തന്നെ ആദിവാസികൾക്ക് നൽകിയ ഉറപ്പുകളും പാലിക്കപ്പെട്ടില്ല. തുടർന്നാണ് 2001 ഓഗസ്റ്റ് നിയമസഹായം, പുനരധിവാസ ഫണ്ട്...

തുടർന്നാണ് ജാനുവിൻെറ നേതൃത്വത്തിൽ 2001 ഓഗസ്റ്റ് 31 മുതൽ 48 ദിവസം നീണ്ട സത്യഗ്രഹം നടത്തിയത്. ആ സമരത്തിൻെറ അന്ത്യം മൂന്നര ലക്ഷത്തോളം ഭൂരഹിത ആദിവാസി കുടുംബത്തിനു അഞ്ചേക്കർ ഭൂമി വീതം നൽകുമെന്ന മുഖ്യമന്ത്രി എ കെ ആൻറണിയുടെ ഉറപ്പിന്മേൽ തുടരുകയായിരുന്നു. ജനുവരിയായിട്ടും ഈ വാഗ്ദാനം പാലിക്കാത്തതിൽ പ്രതിഷേധിച്ചാണ് ഗോത്രസഭ ചേർന്ന് മുത്തങ്ങയിലെ വനഭൂമി കൈയേറാൻ തീരുമാനിച്ചത്. മുപ്പതു വർഷത്തെ വിഫലമായ കാത്തിരിപ്പും നാട്ടുകാരുടെ കൂട്ടായ ചതിപ്രയോഗവും ആദിവാസികളെ അമ്പും വില്ലും എടുക്കാൻ പ്രേരിപ്പിച്ചു പോയാൽ കുറ്റപ്പെടുത്താനാവുമോ?


- രാധാകൃഷ്ണൻ എം ജി, മുത്തങ്ങയിൽ നിന്ന്




**സമരഗതി മാറുന്നു:** വെട്ടേറ്റു മരിച്ച പൊലീസുകാരൻ വിനോദും വെടിയേറ്റു മരിച്ച ആദിവാസി മാരനും; ബന്ദികളുമായി ആദിവാസികൾ ചർച്ചയ്ക്ക് (താഴെ)



> "സി പി എമ്മും സി കെ ജാനുവും കൂടി നടത്തിയ ഒത്തുകളിയാണ് മുത്തങ്ങയിലെ സംഭവങ്ങൾ."
>
> എം എ കുട്ടപ്പൻ, *ഗിരിജന ക്ഷേമ മന്ത്രി*



ബലം പ്രയോഗിച്ച് ഒഴിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. ഡി ഐ ജി ശങ്കർ റെഡ്ഡിയുടെ നേതൃത്വത്തിൽ വൻ പൊലീസ് സന്നാഹം 19-ന് രാവിലെ ആദിവാസികളെ നേരിട്ടു. അമ്പും വില്ലുമായി ചെറുത്തു നിന്നെങ്കിലും അതു ഫലിച്ചില്ല. കുടിലുകൾക്കു തീയിട്ട് പൊലീസ് മുന്നേറി. ഉച്ചയ്ക്ക് 12 മണിയോടെ പൊലീസ് സംഘത്തിന് തിരികെപ്പോരാൻ നിർദ്ദേശം കിട്ടി. സംഘത്തിൻെറ പിന്നിലായിരുന്ന ചില വനിതാ പൊലീസുകാർ കുഴിയിൽ വീണപ്പോൾ അവരെ കൂട്ടിക്കൊണ്ടുവരാൻ കെ എ പിയിലെ കെ വിനോദും വനംവകുപ്പുദ്യോഗസ്ഥൻ സി വി ശശിധരനും മറ്റു ചില സേനാംഗങ്ങളും ശ്രമിച്ചു. അപ്പോൾ ചുറ്റിലും ഒളിച്ചിരുന്ന ആദിവാസികൾ ചാടിവീണ് രണ്ടുപേരെയും പിടികൂടുകയായിരുന്നു. പിടിയിലായ ഇവരെ വെട്ടിയും കുത്തിയും പരിക്കേൽപിച്ചു. പൊലീസ് ഞെട്ടിപ്പോയി. സേനയ്ക്കു പിൻവാങ്ങുകയല്ലാതെ മറ്റു മാർഗമൊന്നുമുണ്ടായിരുന്നില്ല.

കണ്ണൂരിലായിരുന്ന കെ എ പി കമാൻഡൻറ് സുരേഷ്‌രാജ പുരോഹിത് വേഗം സ്ഥലത്തെത്തി. പരിക്കേറ്റവരെ വിട്ടുതരണമെന്ന് പൊലീസ് ആവശ്യപ്പെട്ടിട്ടും ആദിവാസികൾ തയാറായില്ല. ഡിമാൻറുകൾ അംഗീകരിച്ചില്ലെങ്കിൽ ബന്ദികളെ കൊല്ലുമെന്നും ഗോത്രസഭാ പ്രിസീഡിയം അംഗം അശോകൻ ഭീഷണിപ്പെടുത്തി. പരിക്കേറ്റവരെ ചികിത്സിക്കാൻ ഡോക്ടർമാരും തയാറായില്ല. അവശരായ വിനോദിൻേറയും ശശിധരൻേറയും ചുറ്റും പുല്ലുകൂട്ടി ആദിവാസികൾ മണ്ണെണ്ണ ഒഴിച്ച്, പൊലീസ് നടപടിയുണ്ടായാൽ രണ്ടു പേരെയും തീവച്ച് കൊല്ലുമെന്നു ഭീഷണി മുഴക്കി. 5.20-ന് മുന്നോട്ടു നീങ്ങാൻ പുരോഹിത് പൊലീസിനു നിർദ്ദേശം നൽകി. പൊലീസ് അനങ്ങിയപ്പോഴേക്കും ഒരു ആദിവാസി വിനോദിൻെറ തലയ്ക്കും കാലിനും വെട്ടി. വെട്ടിയ ആൾ ഉടൻ വെടിയേറ്റു വീണു. റിവോൾവറിൽ നിന്നുള്ള വെടിയാവണം അയാൾക്കേറ്റത്.

പിന്നെ പൊലീസ് കൈയിൽ കിട്ടിയ ആദിവാസികളെയൊക്കെ മർദ്ദിച്ചൊതുക്കി. സംഘർഷം മൂത്തപ്പോൾ തന്നെ നേതാക്കൾ രക്ഷപ്പെട്ടിരുന്നു. ആദിവാസികൾക്കു നേരെ പൊലീസ് ശക്തമായ വെടിവയ്പു നടത്തി. പൊലീസുകാരുടെ തോക്കിലുണ്ടായിരുന്നത് പ്ലാസ്റ്റിക് പെല്ലറ്റും റബർ ബുള്ളറ്റുമായിരുന്നു. അതുകൊണ്ട് ആദിവാസികൾ മരിച്ചുവീണില്ലെന്നു മാത്രം. "രണ്ടു പേർ മാത്രമേ മരിച്ചിട്ടുള്ളു. വെട്ടേറ്റ പൊലീസ് കോൺസ്റ്റബിളും

ജാനുവിൻെറ സമരപഥം

# സമരം തന്നെ ജീവിതം

## പൊതുസമൂഹവുമായി മുഖാമുഖം നിൽക്കാൻ ആദിവാസികളെ ജാനു പ്രാപ്തരാക്കി

വയനാട്ടിലെ പനവല്ലിയിൽ തൊണ്ണൂറുകളുടെ മധ്യത്തിൽ നടന്ന ഭൂസമരത്തോടെയാണ് സി കെ ജാനു ആദിവാസികളുടെ സമരനായികയാകുന്നത്. അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ ആദിവാസികൾ ജാനുവിൻെറ നേതൃത്വത്തിൽ നടത്തിയ സുദീർഘ സമരം വിജയമായതോടെ നിരക്ഷരരും നിരാലംബരുമായ ആദിവാസി സമൂഹത്തിൻെറ പുതിയ പ്രതീക്ഷയായിത്തീർന്നു ജാനു.

ആദിവാസികളിലെ അടിയ സമുദായത്തിൽ പെട്ട ജാനുവിൻെറ ബാല്യകൗമാരങ്ങൾ മറ്റേതൊരു ആദിവാസി പെൺകുട്ടിയേയും പോലെ തന്നെയായിരുന്നു. എന്നാൽ ആദിവാസികളുടെ ജീവിതത്തെപ്പറ്റി പൊതുവേയും ആദിവാസി സ്ത്രീകളുടെ പ്രശ്നങ്ങളെപ്പറ്റി പ്രത്യേകിച്ചും ജാനു മനസ്സിലാക്കിയിരുന്നു. സാക്ഷരതാ ക്ലാസുകളാണ് ജാനുവിനെ പൊതുപ്രവർത്തനത്തിൻെറ ബാലപാഠങ്ങൾ പഠിപ്പിക്കുന്നത്. അതുപോലെതന്നെ സി പി എമ്മിൻെറ പ്രകടനങ്ങളിലും സമ്മേളനങ്ങളിലും പങ്കെടുക്കാൻ കഴിഞ്ഞതും ജാനുവിന് വലിയ പാഠമായി. കമ്യൂണിസ്റ്റ് പാർട്ടികളും നക്സലൈറ്റ് ഗ്രൂപ്പുകളും ആദിവാസി പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായ ഒരു ശ്രമവും നടത്തുന്നില്ലെന്നു മനസ്സിലാക്കിയ ജാനു ആദിവാസികളുടെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ തയാറായി. "ആദിവാസികൾക്കു വേണ്ടി ആദിവാസികളല്ലാത്തവരുടെ പ്രസ്ഥാനങ്ങൾ ഒന്നും ചെയ്യില്ല എന്ന് ബോധ്യപ്പെട്ടപ്പോഴാണ് ഞങ്ങൾ കുറച്ചു ചെറുപ്പക്കാർ ചേർന്ന് ആദിവാസി വികസന പ്രവർത്തക സമിതി രൂപീകരിച്ചത്," പനവല്ലിയിലെ സമരഭൂവിൽ വച്ച് ജാനു *ഇന്ത്യാ ടുഡേ*യോടു പറഞ്ഞിരുന്നു.

ഏതാണ്ട് ഇതേസമയത്താണ് ജാനു ഗീതാനന്ദനുമായി പരിചയപ്പെടുന്നത്. രാഷ്ട്രീയ പാർട്ടികൾക്കോ നക്സലൈറ്റ് പ്രസ്ഥാനങ്ങൾക്കോ ഒന്നും ആദിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയില്ലെന്ന ബോധം ഗീതാനന്ദനുമുണ്ടായിരുന്നു. ആദിവാസി സമൂഹത്തെക്കുറിച്ചുള്ള ജാനുവിൻെറ അറിവും മുൻ നക്സലൈറ്റ് പ്രവർത്തകൻ എന്ന നിലയിലുള്ള ഗീതാനന്ദൻെറ പരിചയസമ്പത്തും ഒത്തുചേർന്നപ്പോൾ അത് ആദിവാസി സമരത്തിന് ഒരു പുതിയ ദിശാബോധം നൽകി.

2001-ൽ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ സമരത്തോടെയാണ് ജാനു സംസ്ഥാന സർക്കാരുമായി നേരിട്ട് ഏറ്റുമുട്ടുന്നത്. ആ സമരത്തോടെ ജാനുവിനെ ആദിവാസികളുടെ നേതാവായി സർക്കാർ അംഗീകരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ അവരുമായി ചർച്ച നടത്തി സമരം ഒത്തുതീർപ്പിൽ എത്തിക്കുകയും ചെയ്തു. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പദ്ധതി സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ആ സമരത്തിനു സാധിച്ചു. ആദിവാസി-ദലിത് സമരസമിതിയുടെ അധ്യക്ഷ എന്ന നിലയിൽ ജാനു മുഖ്യമന്ത്രി എ കെ ആൻറണിക്ക് 2001 ഒക്ടോബർ 13-നു നൽകിയ കത്തിൻെറ അടിസ്ഥാനത്തിലാണ് ഒക്ടോബർ 16-ന് മുഖ്യമന്ത്രി ഒത്തുതീർപ്പു യോഗം വിളിച്ചുകൂട്ടുകയും ആദിവാസികളുടെ ആവശ്യങ്ങളിൽ വ്യക്തമായ ഉറപ്പ് നൽകുകയും ചെയ്തത്.

എന്നാൽ ആദിവാസികൾക്കു നൽകിയ ഉറപ്പു പാലിക്കാൻ സർക്കാർ തയാറാവാത്തതിനെ തുടർന്നാണ് ജാനുവിൻെറ നേതൃത്വത്തിൽ ആദിവാസി ഗോത്രമഹാസഭ മുത്തങ്ങയിൽ വനഭൂമി കൈയേറി അവകാശം സ്ഥാപിച്ചത്. പരിസ്ഥിതി പ്രവർത്തകരും മറ്റും വനം കൈയേറ്റത്തെ ശക്തമായി എതിർത്തു. അമ്പും വില്ലും ആയുധങ്ങളുമായി ഗോത്രമഹാസഭയുടെ പ്രവർത്തകർ അണിനിരന്നപ്പോൾ ഭൂസമരം പുതിയൊരു ദിശയിലേക്ക് നീങ്ങുകയായിരുന്നു. ഈ പ്രശ്നത്തെ ഒരു ക്രമസമാധാന പ്രശ്നം മാത്രമായി കണ്ട ആൻറണി സർക്കാർ സമരം അക്രമാസക്തമാകുന്നു എന്നു പറഞ്ഞ് അതിനെ അടിച്ചമർത്തി.

കേരളത്തിൽ മൂന്നര ലക്ഷത്തോളം വരുന്ന ആദിവാസികളുടെ പ്രാതിനിധ്യം ജാനുവിനുണ്ടോ? ജാനുവിൻെറ വിമർശകർ എപ്പോഴും ചോദിക്കുന്ന ചോദ്യമാണിത്. അതിന് ജാനു വ്യക്തമായ ഉത്തരം നൽകിയിട്ടുണ്ട്: "സ്വാതന്ത്ര്യസമരത്തിൽ പോലും ഇന്ത്യൻ ജനതയെ മുഴുവൻ അണിനിരത്താൻ കഴിഞ്ഞില്ലെന്നോർക്കണം. രാഷ്ട്രീയ, സാമൂഹ്യ, സന്നദ്ധ സംഘടനകൾ ആദിവാസികളെ വീതംവച്ചിരുന്നു. ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആദിവാസികൾ തന്നെ മുന്നോട്ടു വന്നേ മതിയാകൂ എന്നൊരു ബോധം ഇപ്പോൾ ഉണ്ടായിട്ടുണ്ട്." നിരക്ഷരരും പൊതുസമൂഹത്തെ ഭയപ്പാടോടെ വീക്ഷിക്കുന്നവരുമായ ആദിവാസികളെ ഇത്തരമൊരു അവകാശ സമരത്തിൽ അണിനിരത്തുക ദുഷ്കരമാണ്. ആ ദൗത്യത്തിനിടയിലാണ് ജാനു ഇപ്പോൾ ജയിലിലെത്തുന്നത്. - എസ് സുന്ദർദാസ്

ശങ്കർ



**ജീവിതസമരം:** കേരളത്തിലെ ആദിവാസി സമൂഹത്തിൽ നിന്ന് ഉയർന്നു വന്ന ആദ്യത്തെ കരുത്തുറ്റ നേതാവാണ് സി കെ ജാനു



വെട്ടിയ ആദിവാസിയും," ഡി ജി പി കെ ജെ ജോസഫ് പറയുന്നു. "പി ഡബ്ല്യു ജി പോലെയുള്ള സംഘടനകളുമായി അവർക്ക് ബന്ധമുണ്ടെന്നു തീർത്തുപറയാനാവില്ല. പക്ഷേ ആയുധ പ്രയോഗത്തിലും മറ്റും അവർക്ക് വിദഗ്ധ പരിശീലനം ലഭിച്ചിരുന്നു എന്ന കാര്യം ഉറപ്പാണ്," ഉത്തരമേഖലാ ഐ ജി വേണുഗോപാൽ കെ നായർ ചൂണ്ടിക്കാട്ടുന്നു.


ഇത്ര വലിയ സംഘർഷത്തിലേക്കും കടുത്ത പൊലീസ് നടപടിയിലേക്കും സംഭവങ്ങൾ വളരാനിടയായത് ആൻറണി സർക്കാരിൻെറ മെല്ലെപ്പോക്കു നയം തന്നെയാണ്. ജനുവരി നാലിന് ജാനുവിൻെറ നേതൃത്വത്തിൽ ഭൂമി കൈയേറിയിട്ടും സർക്കാർ അനങ്ങിയില്ല. സമരക്കാരുമായി ചർച്ച നടത്താനും ആൻറണി ശ്രമിച്ചില്ല. മുത്തങ്ങയിൽ അന്നു മുതൽ പരസ്യമായിട്ടായിരുന്നു കുടിൽ കെട്ടിത്തുടങ്ങിയത്. തൻെറ വാഗ്ദാനങ്ങൾ പോലും ആൻറണി മറന്നു. ആദ്യഘട്ടത്തിൽ സർക്കാർ ഇടപെട്ടിരുന്നുവെങ്കിൽ പത്തു പൊലീസുകാർക്ക് പരിഹരിക്കാനാവുന്നതായിരുന്നു ഈ പ്രശ്നം. പക്ഷേ സമരം കൈവിട്ടുപോയി. "സായുധ കലാപം നടത്താൻ ആരെയും അനുവദിക്കില്ല. അക്രമപ്രവർത്തനങ്ങളെ കർശനമായി നേരിടും," ഏറ്റുമുട്ടലിനെപ്പറ്റി മുഖ്യമന്ത്രി എ കെ ആൻറണി പറഞ്ഞു. ഇതുവരെയായി 1800 ഏക്കർ സ്ഥലം ആദിവാസികൾക്ക് നൽകിയെന്ന് മുഖ്യമന്ത്രി പറയുന്നു. പക്ഷേ ആദിവാസികൾക്ക് ഭൂമി ഇന്നും അകലെത്തന്നെ.

തുടക്കത്തിൽ ആദിവാസി സമൂഹത്തിൽ സി കെ ജാനുവിന് അത്ര വലിയ പിന്തുണയൊന്നും ഉണ്ടായിരുന്നില്ല. സെക്രട്ടേറിയറ്റ് നടയിലെ കുടിൽ കെട്ടിയുള്ള സമരം ജാനുവിന് ആദിവാസികൾക്കിടയിൽ പുതിയ സ്വാധീനം വർധിപ്പിച്ചു. ജാനു സ്വന്തം നേതൃസ്ഥാനം ഉറപ്പിച്ചതോടെ ഗീതാനന്ദൻ സഹായിക്കാനെത്തി. മുൻ നക്സൽ പ്രവർത്തകനായ ഗീതാനന്ദൻ പെട്ടെന്ന് ആദിവാസി പ്രസ്ഥാനത്തിൻെറ ബുദ്ധികേന്ദ്രമാവുകയും ചെയ്തു. ഗോത്രസഭാ പ്രവർത്തകരെ ഒരു കേഡർ സംഘടനയായി വളർത്തിക്കൊണ്ടു വരികയായിരുന്നു ഗീതാനന്ദൻെറ ലക്ഷ്യം. വിനോദിനേയും ശശിധരനേയും ബന്ദികളാക്കി ചുറ്റും പുല്ലു വിരിച്ച് മണ്ണെണ്ണ ഒഴിച്ച ശേഷം അശോകൻ എഴുതിത്തയാറാക്കിയ ഡിമാൻറുകളുമായാണ് ഉദ്യോഗസ്ഥരുടെ അടുത്ത് കൂടിയാലോചനയ്ക്ക് എത്തിയതെന്ന് ഇവിടെ ഓർക്കേണ്ടതാണ്. പൊലീസ് അതിക്രമങ്ങൾക്ക് നഷ്ടപരിഹാരം നൽകുക, പൊലീസ് പിൻവാങ്ങുക, ആദിവാസികൾക്ക് സ്ഥലം നൽകുക തുടങ്ങിയ ആവശ്യങ്ങളായിരുന്നു അശോകൻ ഉന്നയിച്ചത്.


ജാനുവിൻെറ സമരരീതി ആദിവാസികളും പൊതുസമൂഹവും തമ്മിൽ അകൽച്ച സൃഷ്ടിച്ചു: മുത്തങ്ങയിൽ തന്നെ നാട്ടുകാർ ഗോത്രസഭയുടെ സമരത്തിനെതിരെ നീങ്ങി. വെടിവയ്പിനെ തുടർന്ന് സ്ഥലത്തെ ആദിവാസികൾക്കു പോലും പുറത്തിറങ്ങാൻ വയ്യാതായി. സ്ഥലം കൈയേറൽ സമരത്തിന് മുത്തങ്ങ തെരഞ്ഞെടുത്തപ്പോൾ തന്നെ തങ്ങൾക്ക് സംശയം തോന്നിയതാണെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി രക്ഷാധികാരി എൻ ബാദുഷയും ജനറൽ സെക്രട്ടറി തോമസ് അമ്പലവയലും പറയുന്നു. "വയനാട്ടിൽ നാട്ടുകാരും ആദിവാസികളും സമാധാനത്തോടെയാണ് കഴിയുന്നത്. ജാനു വന്നത് തീവ്രവാദികളുടെ പിന്തുണയോടെയാണ്," ബാദുഷ വിശദീകരിക്കുന്നു.

മുമ്പ് സി പി എം പ്രവർത്തകയായിരുന്ന ജാനുവിന് ഇപ്പോൾ പാർട്ടിയുമായി ഒരു ബന്ധവുമില്ല. ജാനുവിനെ ഈ സർക്കാരാണ് വളർത്തിയതെന്ന് ഇടതുപക്ഷം ആരോപിക്കുന്നു. വെടിവയ്പിനെത്തുടർന്ന് വിവിധ നേതാക്കൾ മുത്തങ്ങയിൽ എത്തിക്കൊണ്ടിരിക്കുകയാണ്. "നീതിയും ന്യായവും പാലിക്കുന്നതിൽ പൊലീസ് പരാജയപ്പെട്ടു. ജാനുവിൻെറ ആൾക്കാർ പൊലീസിനെ ആക്രമിക്കുന്നതു വരെ കാര്യങ്ങളെത്തി," സി പി എം നേതാക്കളായ എ കണാരനും ഇ പി ജയരാജനും പറയുന്നു. സംസ്ഥാന സർക്കാരിൻെറ നിഷ്ക്രിയത്വമാണ് കാര്യങ്ങൾ ഇത്രയും വഷളാക്കിയതെന്ന് ബി ജെ പി സംസ്ഥാന പ്രസിഡൻറ് സി കെ പത്മനാഭൻ കുറ്റപ്പെടുത്തുന്നു. "ഗോത്രമഹാസഭയ്ക്ക് ആയുധങ്ങൾ സമാഹരിക്കാനും പൊലീസിനെ ആക്രമിക്കാനും വേണ്ട സമയം സർക്കാരാണ് നൽകിയത്. ജാനുവിനെ തീവ്രവാദികളുടെ കൈയിലേക്ക് എറിഞ്ഞുകൊടുക്കുകയായിരുന്നു," പത്മനാഭൻ കുറ്റപ്പെടുത്തുന്നു.

സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ആദിവാസികൾക്കു വേണ്ടി പൊരുതാൻ ആരുമില്ലാതിരുന്നപ്പോഴാണ് ജാനു പുതിയൊരു ആവേശമായി ഉയർന്നുവന്നത്. പക്ഷേ മുത്തങ്ങയിൽ ജാനുവിൻെറ സമരം പാളിപ്പോയി. അവരെ പിന്തുണയ്ക്കാൻ ആരുമില്ലാത്ത സ്ഥിതിയിൽ തീവ്രവാദികൾ ആ സ്ഥാനം കൈക്കലാക്കാൻ ശ്രമിച്ചേക്കാം. ജാനുവിൻേറയും ഗീതാനന്ദൻേറയും അറസ്റ്റോടെ അവരുടെ പ്രസ്ഥാനത്തിന് താൽക്കാലികമായെങ്കിലും നേതൃത്വം ഇല്ലാതായിരിക്കുന്നു. ഇത് ആദിവാസികളുടെ അവകാശ സമരത്തെ വീണ്ടും പഴയ അനാഥാവസ്ഥയിലേക്ക് എത്തിക്കുമെങ്കിൽ അതായിരിക്കും ഏറ്റവും വലിയ ദുരന്തം. ■



**ഭീഷണിയുടെ സ്വരം:** ആദിവാസി ഗോത്ര മഹാസഭാ നേതാവ് അശോകൻ എഴുതിത്തയാറാക്കിയ ഡിമാൻറുകളുമായി എത്തിയപ്പോൾ



"ജാനുവിനെ തീവ്രവാദികളുടെ കൈകളിലേക്ക് സർക്കാർ എറിഞ്ഞുകൊടുക്കുകയായിരുന്നു."

**സി കെ പത്മനാഭൻ**, *ബി ജെ പി സംസ്ഥാന പ്രസിഡൻറ്*